**<u>വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

(ഹാജർ. ഹരിത വി. കുമാർ, ഐ.എ.എസ്.)

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം - 15-ാം കേരള നിയമ സഭയുടെ 14-ാം സമ്മേളനം - നിയമസഭാ ചോദ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: വനിതാ ശിശവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01/09/2025 ലെ WC-PS2/197/2025/WCDD നമ്പർ കത്ത്

**<u>ഉത്തരവ് നം. DWCD/5516/2025-E1 തീയതി: 10-09-2025</u>**

പതിനഞ്ചാം കേരള നിയമസഭയുടെ 14-ാം സമ്മേളനം 15/09/2025 മുതൽ 10/10/2025 വരെ ചേരുന്നതായും നിയമസഭാ ചോദ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറെ നിയമിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് പരാമർശ പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത നിയമസഭാ സമ്മേളനത്തിലെ ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിന് വേണ്ടി വകുപ്പിലെ കീഴ്ക്കാര്യാലയങ്ങളിൽ നിന്നുള്ള വിവരങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിക്കുന്ന തിനും ആയത് ഏകോപിപ്പിക്കുന്നതിനുമായി ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥർക്ക് കൂടി ചുമതല നൽകേണ്ടതായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമാകുന്ന നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി സർക്കാരിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പിലെ അഡീഷണൽ ഡയറക്ടർ ശ്രീമതി ബിന്ദു ഗോപിനാഥിനെ (PEN No. 534060) നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയും ആവ ശ്യമായ വിവരങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്ന തിനായി ജില്ലാതല പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ജില്ലാതല നോഡൽ ഓഫീസർ മാരായി അതാത് ജില്ല വനിതാ ശിശുവികസന ഓഫീസർമാരെയും നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം സർക്കാരിലേയ്ക്ക് മറുപടി നൽകുന്നതിന് വേണ്ടി, ഈ കാര്യാലയത്തിൽ നിന്നും കീഴ് കാര്യാലയങ്ങളിലേയ്ക്ക് നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് കീഴ് കാര്യാലയങ്ങളിൽ നിന്നും സമയബന്ധിതമായും കൃത്യതയോടും കൂടി വിവരങ്ങൾ ലഭ്യമാക്കുന്നുവെന്ന് എല്ലാ ജില്ലാതല നോഡൽ ഓഫീസർമാരും ഉറപ്പാക്കേ ണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ശ്രീമതി ബിന്ദു ഗോപിനാഥ്, (PEN No. 534060)
അഡീഷണൽ ഡയറക്ടർ
വനിത ശിശു വികസന ഡയറക്ടറേറ്റ്

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

<u>പകർപ്പ് :</u>

1) പ്രിൻസിപ്പൽ സെക്രട്ടറി (ആമുഖ കത്ത് സഹിതം)

2) ഡയറക്ടറുടെ CA

3) എല്ലാ യൂണിറ്റ് ഓഫീസർമാർക്കും/ എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും

4) എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

5) സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by
Chithra T സൂപ്രണ്ട്
Date: 10-09-2025 16:49:20